വർഷം	ലഭിച്ച തുക (തുക കോടിയിൽ)
2011-12	921.52
2012-13	677.98
2013-14	815.82
2014-15	അന്തിമ കണക്ക് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

6 (4333) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുന്നംകുളം നിയോജക മണ്ഡലത്തിൽ തലപ്പിള്ളി താലൂക്കാഫീസ് മുഖേന എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ട് ;

(ബി) ഇതിൽ ചികിത്സാ ധനസഹായം അനുവദിച്ചവരുടെ എണ്ണവും തുകയും വ്യക്തമാക്കുമോ ;

(സി) ഇതിൽ അപകടമരണത്തിന് ധനസഹായം അനുവദിച്ച ആശ്രിതരുടെ എണ്ണവും പേരുവിവരവും അവർക്ക് ഓരോരുത്തർക്ക് അനുവദിച്ച തുകയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 6,70,14,100 രൂപ തലപ്പിള്ളി താലൂക്ക് ഓഫീസ് മുഖാന്തരം വിതരണം ചെയ്തിട്ടുള്ളതാണ്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് പ്രത്യേകം സൂക്ഷിച്ചിട്ടില്ല.

(ബി) 6,046 ഗുണഭോക്താക്കൾക്കായി 6,01,78,100 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 864 ഗുണഭോക്താക്കൾക്കായി 68,36,000 രൂപ അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കായി തലപ്പിള്ളി താലൂക്ക് ഓഫീസ് മുഖാന്തരം വിതരണം ചെയ്തിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly